# SABS CONVENT

1982-ൽ നടേൽ പള്ളിയുടെ വികാരിയായിരുന്ന റവ. ഫാ. ജോസഫ് പള്ളിപ്പാടൻ ആരംഭിച്ച ലിസ്യു സ്കൂൾ തുടക്കും കുറിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ, സ്കൂളിന്റെ നേതൃത്വം ഏറ്റെടുത്ത് സ്കൂൾ നടത്തിക്കൊണ്ട് പോകുവാൻ  ആരാധനാ മഠം സിസ്റ്റേഴ്സിന്റെ സാന്നിധ്യം വേണമെന്ന് ആവശ്യപ്പെട്ട് അധികാരികളെ സമീപിച്ചു. അതനുസരിച്ച് സഭാധികാരികൾ, സി. ആൻസി മാപ്പിളപ്പറമ്പിലിനെ ആ ആവശ്യത്തിനായി നിയോഗിച്ചയയ്ക്കുകയായിരുന്നു. അന്ന് സിസ്റ്റർ വന്നുകൊണ്ടിരുന്നത് തോട്ടുവക്കത്തുള്ള ആരാധനാമഠത്തിൽ നിന്നായിരുന്നു. സ്കൂളിലെ ആവശ്യമനുസരിച്ച് സിസ്റ്റേഴ്സിന്റെ എണ്ണം കൂട്ടികൊടുത്തുകൊണ്ടിരുന്നു. സി. ആൻസി 1983 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ (ബി.എഡ് പഠിക്കാൻ പോയ രണ്ടു വർഷം ഒഴികെ - 1985 - 1987) സ്കൂളിന്റെ പ്രധാന അദ്ധ്യാപികയായിരുന്നു.

തോട്ടുവക്കം മഠത്തിൽ നിന്നും ദിവസേന രാവിലെ വന്ന് വൈകുന്നേരം വൈകിയൊക്കെ മഠത്തിലെത്തുന്നതിന്റെ ബുദ്ധിമുട്ടുകളാണ് നടേലിൽ ഒരു മഠം പണിയുന്നതിനുള്ള ആലോചനയ്ക്ക് തുടക്കം കുറിക്കാൻ കാരണമായത്. 1999 കാലഘട്ടങ്ങളിൽ വികാരിയായിരുന്ന ബഹു. പാറേക്കാട്ടിലച്ചനും അന്നത്തെ കൈക്കാരനായ ശ്രീ. ജോയി ചക്കനാട്ടും അക്കാര്യത്തിൽ ഉത്സാഹം കാണിച്ചതിനാലാണ് കണ്ണുവള്ളിയിൽ നിന്നും മഠത്തിന്റെ സ്ഥലം വാങ്ങിക്കാൻ സാധിച്ചത്. സ്ഥലം വാങ്ങിക്കുമ്പോൾ ഉണ്ടായിരുന്ന ധാരണയുടെ ഫലമായിട്ടാണ് വടക്കേ മൂലയിലുള്ള കപ്പേളയുടെ സ്ഥലം കണ്ണുവള്ളിൽ പള്ളിയ്ക്ക് സംഭാവനയായി നൽകിയത്.

ഇടവകയിലെ എല്ലാ വൈദികരുടേയും നേതൃത്വവും സഹായവും എന്നും ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. 90 കുട്ടികൾക്ക് താമസിക്കാൻ സൗകര്യം ഇവിടെ ഉണ്ട്. എല്ലാ ദിവസവും വൈകുന്നേരം 7 - 8 വരെ ദിവ്യകാരുണ്യസന്നിധിയിൽ ആരാധന, പരി. ജപമാല, വി. ഗ്രന്ഥപാരായണം, സ്തുതിപ്പ് ഇവ ഏറെ ഭക്തിയോടെ നടത്തിവരുന്നു. കുട്ടികളുടെ ആത്മീയവും ശാരീരികവുമായ ഏതൊരാവശ്യത്തിലും ഞങ്ങളുടെ സാന്നിധ്യവും സഹകരണവും ഞങ്ങൾ ഉറപ്പാക്കുന്നു. കൂടാതെ എല്ലാ വ്യാഴാഴ്ചകളിലും ഇവിടെ അർപ്പിക്കപ്പെടുന്ന ദിവ്യബലികളിലൂടെ ആത്മീയ ഉണർവ് ഞങ്ങൾക്ക് ലഭിക്കുന്നു. ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് കൂടാതെ ഇടവക പ്രവർത്തനങ്ങളായ മതബോധനം, സംഘടനാ നേതൃത്വം, ഫാമിലി യൂണിറ്റ് മീറ്റിങ്ങുകൾ എന്നിവയിലും ഞങ്ങളുടെ സേവനം ഞങ്ങൾ ഉറപ്പുവരുത്തുന്നു.